# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3330** — **18.02.2013 ലെ മറുപടിക്ക്**

### മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ:<br>ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) ECR രാജ്യങ്ങളിൽ കുടിയേറിയ പ്രവാസി ഭാരതീയ തൊഴിലാളികൾക്ക് വേണ്ടി കേന്ദ്ര പ്രവാസിഭാരതീയകാര്യ മന്ത്രാലയത്തിന്റെ (MOIA) ഒരു സംയോജിത സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി. ഈ പദ്ധതി വിദേശത്ത് ജോലി ചെയ്യുന്ന സമയത്ത് സ്വാഭാവിക മരണമോ, അപകടം മൂലം മരണമോ, സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്ന പക്ഷം ഇൻഷുറൻസ് പരിരക്ഷ നൽകുകയും പുനരധിവാസത്തിനും വാർദ്ധക്യ പെൻഷനും വേണ്ടി സമ്പാദ്യം സമാഹരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. പെൻഷൻ പുനരധിവാസ കാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും പിൻതുണയ്ക്കുന്നതിനുമായി MOIA സഹവിഹിതം നൽകുകയും ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി നൽകുകയും ചെയ്യുന്നു. |
| (ബി) വിദേശത്തുനിന്നും മടങ്ങി എത്തുന്ന പ്രവാസികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കുന്നതിന് | (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:<br>1. പി. എഫ്. ആർ. ഡി. എ (PFRDA) |

| | | |
|---|---|---|
| എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | യുടെ നിയന്ത്രണത്തിലുള്ള എൻ. പി. എസ് ലൈറ്റ് (NPS - Lite) മുഖാന്തിരം നടപ്പിലാക്കുന്ന വാർദ്ധക്യകാല പെൻഷൻ;<br>2. മന്തിലി ഇൻകം സ്കീമിലൂടെ (എം.ഐ.എസ്) തിരിച്ചുവരുന്നതിനും വീണ്ടും സ്ഥിരതാമസമാക്കുന്നതിനും വേണ്ട സമ്പാദ്യം (ആർ & ആർ);<br>3) ഐ. ആർ. ഡി. എ. നിയന്ത്രണത്തിലുള്ള ഒരു ഇൻഷ്വറൻസ് കമ്പനി മുഖേന സ്വാഭാവിക മരണം, അപകട മരണം അഥവാ സ്ഥിരമായ അംഗവൈകല്യം എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ. |
| (സി) ഏതെല്ലാം രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | 18 നും 50 നും മദ്ധ്യേ പ്രായമുള്ളവരും ഇ.സി.ആർ (ECR) പാസ്പോർട്ട് കൈവശമുള്ളതും ഒരു ഇ.സി.ആർ. രാജ്യത്തെ പ്രാബല്യത്തിലുള്ള വർക്ക് പെർമിറ്റ് അഥവാ തൊഴിൽ കരാർ ഉള്ളതോ ആയ ഒരാൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. |
| (ഡി) സംസ്ഥാനത്ത് ഈ കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | ഔദ്യോഗിക ബാങ്കായ 'ദി ബാങ്ക് ഓഫ് ബറോഡ' പരിപോഷിപ്പിക്കുന്ന ഈ കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ